**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 587** **02-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ-യെ കൂടുതൽ ജനകീയമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. എഫ്.ഇ- യെ കൂടുതൽ ജനകീയമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.എഫ്.ഇ യെ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി ചിട്ടികൾ, വായ്പകൾ എന്നിവയുടെ മാസതവണകൾ അടയ്ക്കുന്നതിനു ഓൺലൈൻ സംവിധാനം നിലവിലുണ്ട്. കൂടാതെ ജനങ്ങൾക്കു കൂടുതൽ സൗകര്യപ്രദമാകുന്ന വിധത്തിൽ കൂടുതൽ ശാഖകൾ തുറക്കുന്നതിനും അതുവഴി സാധാരണ ജനങ്ങൾക്കും കെ.എസ്.എഫ്.ഇ. യുടെ സേവനം ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കെ.എസ്.എഫ്.ഇ.-യിൽ കൂടുതൽ മൾട്ടി ഡിവിഷൻ ചിട്ടികൾ ഉൾപ്പെടെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കെ.എസ്.എഫ്.ഇ യിൽ 2023-24 സാമ്പത്തിക വർഷത്തിൽ മൾട്ടിഡിവിഷൻ ചിട്ടികൾ ഉൾപ്പെടെ കൂടുതൽ ചിട്ടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ സ്വീകരിച്ചു വരുന്നു. ഈ വിധത്തിലുള്ള ചിട്ടികൾ ചെയ്ത് മാസസല ഉയർത്തുന്നതിനു വേണ്ടി ബിസിനസ്സ് ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ